**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4657** — **18/12/2014 ൽ മറുപടിയ്ക്ക്**

## സ്കൂൾ പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2014-15 അദ്ധ്യായന വർഷം വിതരണം ചെയേണ്ട സ്കൂൾ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിച്ചുവോ ; ആകെ എത്ര പുസ്തകങ്ങൾ അച്ചടിക്കേണ്ടതുണ്ട് ; നാളിതുവരെ എത്ര അച്ചടിച്ചു ; എത്ര വിതരണം നടത്തി ; എത്ര സ്കൂളുകളിൽ പൂർണ്ണമായും വിതരണം നടത്തി ; ഇനി എത്ര സ്കൂളുകളിൽ വിതരണം നടത്തേണ്ടതുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) അച്ചടി പൂർത്തികരിച്ചിട്ടുണ്ട്. ഒന്നു മുതൽ പത്താം ക്ലാസ്സുവരെയുള്ള 3,77,62,596 പുസ്തകങ്ങൾ അച്ചടിച്ചു. സ്കൂളുകളുടെ ഇൻഡന്റ് പ്രകാരം പാഠപുസ്തക വിതരണം പൂർത്തികരിച്ചു. വിദ്യാഭ്യാസ ഉപ ഡയറക്ടർമാരിൽ നിന്നും കുറവുവന്ന പുസ്തകങ്ങളുടെ കണക്ക് ശേഖരിച്ച് ലഭിക്കേണ്ട പുസ്തകങ്ങളും ജില്ലകളിൽ എത്തിച്ച് വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തെ പ്ലസ് 1 പ്ലസ് 2 പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള അച്ചടി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലസ് 1 ന്റെ 1456345 പുസ്തകങ്ങളും, പ്ലസ് 2 ന്റെ 663761 പുസ്തകങ്ങളും അച്ചടിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഇൻഡന്റ് ലഭിച്ച പ്രകാരമുള്ള എല്ലാ ജില്ലകളിലും വിതരണം നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പാഠപുസ്തകങ്ങൾ എപ്പോൾ വിതരണം നടത്തുവാനാണ് വകുപ്പിന്റെ തീരുമാനമെന്നും 2014 നവംബർ 30 വരെ എത്ര ശതമാനം വിതരണം നടത്തിയെന്നും അവസാന പരീക്ഷയ്ക്ക് എത്ര ദിവസം മുൻപ് വിതരണം പൂർത്തികരിക്കുവാൻ വകുപ്പിന് കഴിയുമെന്നും വ്യക്തമാക്കുമോ ; | (ബി) ഇൻഡന്റ് ചെയ്യുതനുസരിച്ച് നവംബർ 30-ന് മുമ്പ് തന്നെ പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. പാഠപുസ്തകങ്ങൾ ഇനിയും കുറവ് ലഭിച്ചതായി രേഖപ്പെടുത്തിയതും അഡീഷണൽ ആയി പുസ്തങ്ങൾ ആവശ്യപ്പെട്ട സ്കൂളുകൾക്ക് അതാത് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കണക്ക് പ്രകാരം വിതരണം ഡിസംബർ 15-ന് അകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടകം ഇൻഡന്റ് ലഭിച്ച ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ഇപ്പോഴും ഇൻഡന്റ് ലഭിക്കുന്നുണ്ട്. ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്കൂളുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ വിതരണം നടത്തിവരികയാണ്. 2014 നവംബർ 30 വരെ ലഭിച്ച ഇൻഡന്റ് പ്രകാരമുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായി കഴിഞ്ഞു. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പുസ്തകങ്ങൾ അച്ചടിക്കുവാൻ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയത് ; ഇതിന് ഈ അദ്ധ്യയന വർഷം നാളിതുവരെ ചെലവഴിച്ച തുക എത്ര ; വിശദാംശം വ്യക്തമാക്കുമോ ? | (സി) | ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കായി കെ.ബി.പി.എസ്സിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കെ.ബി.പി.എസ്സിന് ഈ വർഷാരംഭം രണ്ട് കോടി രൂപ അഡ്വാൻസ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബാക്കി തുക നൽകിയിട്ടില്ല. ഹയർ സെക്കണ്ടറി പാഠപുസ്തകം അച്ചടിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് സി-ആപ്റ്റിനെയാണ്. പ്ലസ് 1 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 9,35,08,088/- രൂപയുടെ ബില്ലും, പ്ലസ് 2 ടെക്സ്റ്റ് ബുക്ക് അച്ചടിച്ച ഇനത്തിൽ ഇതുവരെ ഏകദേശം 8,66,183/- രൂപയുടെ ബില്ലും, പേപ്പർ ഇനത്തിൽ 1,63,49,349/- രൂപയും, പ്ലേറ്റ് ഇനത്തിൽ 1,83,856/- രൂപയും ചെലവായിട്ടുണ്ട്. |

Padmakumar

സെക്ഷൻ ഓഫീസർ